## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1013 01.03.2017ൽ മറുപടിക്ക്**

### വെങ്കിടങ്ങ് - കണ്ണോത്ത് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ | മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്-കണ്ണോത്ത് കുടിവെള്ള പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ; | എ മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് കണ്ണോത്ത് കുടിവെള്ള പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടുള്ളതും ഏലിയിൽ നിന്നും വെങ്കിടങ്ങ് കണ്ണോത്ത് ടാങ്ക് വരെ പമ്പിംഗ് ലെയിൻ 28.9.2015-ൽ ചാർജ്ജ് ചെയ്തിട്ടുള്ളതുമാണ്. |
| ബി | പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി ടാങ്കിൽ നിന്നുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, വിതരണ ശൃംഖലയിൽ പൊതു ടാപ്പുകൾ സ്ഥാപിച്ച് ചാർജ്ജ് ചെയ്യൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലാണ് പ്രസ്തുത പദ്ധതികൾ കമ്മീഷൻ ചെയ്യുവാൻ താമസിക്കുന്നത്. |
| സി | പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ? | സി ഈ പദ്ധതിക്ക് 390 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 13.10.2010 വരെ 391.15 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇനി 20 ലക്ഷം രൂപയുടെ പണി ബാക്കിയുണ്ട്. (വിതരണ ശൃംഖലയുടെ പ്രധാന പൈപ്പ് ലൈനിലെ ഗ്യാപ് കണക്ഷൻ (കൾവർട്ട് ക്രോസിംങ്ങ്), വിതരണ ശൃംഖലയിൽ 125 പൊതുടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, വിതരണ ശൃംഖലയുടെ ചാർജ്ജിംഗ് ആന്റ് കമ്മീഷനിംഗ്, റോഡ് റെസ്റ്റോറേഷൻ) എന്നീ പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ